



**R A I N B O W**

**S M C M N E W S L E T T E R**

**EDITORIAL BOARD**

- Fr Joy Thottamkara C.Ss.R
- Mr. Shibu Mathew (Chief Editor)
- Mr. Raji Chacko
- Mrs. Teena Thomas


**CONTENTS**

- Editorial
- Message from the Chaplain
- Mission Year Logo & Prayer
- Message from Parish Priest, Epsom Parish
- Articles and Poems
- Community News and Events
- Bible Quiz
- Upcoming Events


# Editorial

Vol .2 Date: 03/07/12



മഴ പെയ്തൊഴിഞ്ഞ പുലരിയിൽ, ഉദയസൂര്യന്റെ കിരണങ്ങൾ ഏറ്റു, പ്രത്യാശയുടെ പുതിയ വർണ്ണചാർത്തുകളായി റെയിൻബോ വീണ്ടും എത്തുകയാണ്. പുതിയ ആശയങ്ങളും സ്വപ്നങ്ങളും അക്ഷരങ്ങളായി കുറിച്ചു, അറിവിന്റെ വർണ്ണലോകത്തിലേക്കാനയിക്കുവാൻ- ഒരു നിറകാഴ്ചയായി നമ്മുടെ റയിൻബോ വീണ്ടും പ്രത്യക്ഷമാകുകയാണ്. ആദ്യപ്രസിദ്ധീകരണത്തിനു നിങ്ങളിൽ നിന്നു നല്ല പ്രതികരണമാണു ലഭിച്ചത്. നമ്മുടെ മാഗസിനെ കൈനീട്ടി സ്വീകരിച്ചതിനു ആദ്യമായി നിങ്ങൾക്കോരോരുത്തർക്കും നന്ദിയർപ്പിക്കുന്നു. നിങ്ങൾ നൽകുന്ന സഹകരണവും, ഉപദേശങ്ങളും അതിലുപരി നിങ്ങളുടെ അകമഴിഞ്ഞ പ്രോത്സാഹനവുമാണ് മാഗസിൻ ഭംഗിയായി മുൻപോട്ടു കൊണ്ടുപോകുവാൻ ഞങ്ങൾക്കു ലഭിക്കുന്ന പ്രചോദനം

***ഈ ലക്കം പുറത്തിറങ്ങുന്നത് ജൂലൈ 3-ാംതീയതിയാണ്.*** നമുക്കറിയാം ജൂലൈ 3-ാം തീയതിയുടെ പ്രാധാന്യം. നമ്മുടെ പൈതൃകത്തിന്റെ ഉടമയായ തോമാശ്ലീഹായുടെ തിരുനാൾ ലോകമെങ്ങും സഭ ആചരിക്കുന്ന ദിവസമാണ് ജൂലൈ-3. ഈ ലക്കം നമ്മൾ തോമാശ്ലീഹായ്ക്കായി സമർപ്പിക്കുകയാണ്. തോമാശ്ലീഹായോടുള്ള നമ്മുടെ ആദരവ് പ്രകടിപ്പിക്കുവാനും-അതുപോലെതന്നെ തോമാശ്ലീഹായെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ നമ്മുടെ കുട്ടികൾക്കായി പകർന്നുനൽകുവാനും ഈ ലക്കത്തിലൂടെ നമ്മൾ ഉദ്ദേശിക്കുന്നു.

നമ്മെ സംബന്ധിച്ചിടത്തോളം ഈ ദിനത്തിനു വളരെ പ്രാധാന്യമുണ്ട്. പ്രവാസികളായ നമ്മൾ തോമാശ്ലീഹായുടെ പാത പിന്തുടർന്ന്, അനേകായിരം മൈലുകൾക്കപ്പുറം ഈ രാജ്യത്ത് ജീവിതം കരുപ്പിടിപ്പിക്കുന്നവരാണ്. ക്രിസ്തുശിഷ്യനായ തോമാശ്ലീഹാ, ദൈവവചനം പ്രഘോഷിച്ചു, പ്രേക്ഷിതവൃത്തിയിലൂടെ നമ്മെ ക്രിസ്തുവിന്റെ മക്കളാക്കി. തോമാശ്ലീഹായെപോലെ, നമ്മൾ ക്രിസ്തുവചനം പങ്കുവച്ച്, ഉത്തമക്രിസ്ത്യാനിയായി ജീവിച്ച്, ക്രിസ്തുവിനു വേണ്ടി വേല ചെയ്യുന്ന ഒരു നല്ല വ്യക്തിയായി ഇവിടെ ജീവിക്കുമ്പോൾ, ഒരു നല്ല ക്രിസ്തു ശിഷ്യനായി മാറുകയാണു ചെയ്യുന്നത്. നമ്മൾ ഓരോരുത്തരും ഓരോ മിഷണറിയാണ്, ക്രിസ്തുവിന്റെ സന്ദേശവാഹകരാണ്. തോമാശ്ലീഹാവഴി നമുക്കു ലഭിച്ച നമ്മുടെ പാരമ്പര്യം പിന്തുടരുവാനും നമ്മുടെ പൈതൃകവും, സംസ്കാരവും നമ്മുടെ മക്കൾക്കു കൈമാറുവാനും നമുക്കു ഇവിടെ സീറോമലബാർ മിഷൻ കൂട്ടായ്മയിലൂടെ കഴിയും. നമ്മുടെ വരുംതലമുറയ്ക്കു നമ്മുടെ കത്തോലിക്കാവിശ്വാസം പകർന്നു നൽകുന്നതിലൂടെ, അവരെ നല്ല ക്രിസ്ത്യാനിയായി ഇവിടെ വളർത്തുന്നതിലൂടെ, നമ്മളോരോരുത്തരും എളിയരീതിയിലെങ്കിലും ക്രിസ്തുവിനുവേണ്ടി വേലചെയ്യുന്നവരായി മാറുകയാണ്. അതുകൊണ്ടുതന്നെ ഈ മിഷന്റെ വളർച്ചയിൽ നമുക്കു ദൃശ്യമാകേണ്ടതു നമ്മുടെ വരുംതലമുറയുടെ ചൈതന്യമേറിയ മുഖങ്ങളാണ്.

ഈ കൂട്ടായ്മയുടെ വളർച്ചയിൽ ഭാഗദേയമായി- ഈ കുടുംബശൃംഖലയ്ക്കു ബലമേകുന്ന ഒരു കണ്ണിയായി പങ്കുചേർന്നു-തോമാശ്ലീഹാ പകർന്നുനൽകിയ മഹത്തായ പാരമ്പര്യം നമുക്കിവിടെ കാത്തുസൂക്ഷിക്കാം-അതിലൂടെ ക്രിസ്തു സ്നേഹിക്കുന്ന ശിഷ്യരുടെ ഗണത്തിലേക്കു നമുക്കും സ്ഥാനം പിടിക്കാം .

എല്ലാവർക്കും **തോമാശ്ലീഹായുടെ തിരുനാൾ മംഗളങ്ങൾ** നേർന്നുകൊണ്ട്, ഈ ലക്കം നിങ്ങൾക്കായി സമർപ്പിക്കുന്നു..

**സ്നേഹത്തോടെ**
**ഷിബു മാത്യു**

# MESSAGE FROM THE CHAPLAIN



*Fr Joy Thottamkara C.Ss.R*

*Chaplain, Syro Malabar Catholic Mission Auckland*



*"Go therefore, and make disciples of all nations... I am with you always, to the end of the age" (Mt 28:19-20)*

*"Go therefore, and make disciples of all nations... I am with you always, to the end of the age" (Mt 28:19-20)*

Receiving the command from Jesus, the disciples went to all corners of the world and proclaimed the Good News. We are proud to have received faith through the apostle St. Thomas. We are in the Mission year; from August 15, 2011-August 15, 2012. It is to mark the occasion of *the Golden Jubilee of Chanda Mission, the first mission territory of the Syro Malabar Church outside Kerala.* The Synod of the Syro-Malabar Church decided to mark the 50th year of the first Syro-Malabar mission area outside Kerala as a Mission Year to create and enhance missionary awareness in all the members of the Church. All our activities during the year have been in the light of the mission Year. We had the solemn inauguration of the Mission Year with the reading of the decree of the Mission Year; lighting of the Mission candle, singing of the mission anthem and then holy Qurbana conducted by the Sunday School. We have had Catechism every Sunday, Bible Quiz, Talent Fest, Sunday school camp .

One of the purposes of the mission year is to ignite the mission spirit of the Syro-Malabar Church and to promote missionary vocations. We gave *felicitation to Fr. Mathew Vadakkevettuvazhiyil SDB on his 20th ordination anniversary.* Fr. Mathew is a Salesian priest, and has been a missionary for 26 years in African countries such as Kenya, Sudan, and Tanzania. He comes to help us whenever we need, though he says Malayalam is a problem for him. Fr. Mathew's sharing of his vocation story has been inspiring to our Sunday school children and I am sure that has helped some students to think of missionary vocation seriously. The Sunday school gave a wonderful felicitation programme.

Congratulations to Fr. Mathew on his ordination anniversary!

*The motto of the Mission Year is "Be my witnesses to the ends of the earth" (Acts 1:8).*

Let us live this motto by bearing witness to Christ in situations we are.

I wish you all Happy Feast of St. Thomas, the apostle.

Fr. Joy Thottamkara C.Ss.R.

*" You shall be my witnesses to the ends of the earth " (Acts 1:8 )*

## *Explanations for the Logo*

*Open Bible*: The Word of God, the content and message of the Mission

*Shepherd with staff*- Jesus sending out the Apostles to the four corners of the world to preach the Good News of Salvation.

*St. Thomas Cross* - stands for the heritage and identity of the Church of Thomas Christians in India.

*People with raised hands* -signify the thirst of the people for the Word of God.

*Twenty nine stars* -stand for the 29 Eparchies of the Syro-Malabar Church.

*Globe in the background*- denotes the universal presence of the Syro-Malabar Church. It also reminds us the missionary task of Syro-Malabar Church to announce the Gospel to the ends of the earth.

Preshitavarsham 2011-2012 "Be my witnesses to the ends of the earth " (Acts 1:8 )

Objectives: 1. To awaken the missionary consciousness in the Syro-Malabar Church 2. To promote missionary vocations in the Church 3. To mobilize spiritual, human and material resources for the mission 4. To rekindle the missionary zeal and enthusiasm among all the members of the Church, especially among the missionaries.

Prayer For The Mission Year (Aug. 2011- Aug. 2012 ): Our Lord and Our God, we praise and thank You for the abundant blessings showered on Our Church founded by Your beloved disciple and apostle Thomas on his Christ experience. Send Your Holy Spirit to us in this mission Year, and renew us by a new Pentecostal experience that we may be made true witnesses of your Gospel. Lord we implore You to help us keep the words of St Paul: "How beautiful are the feet of those preach the Gospel ", close to our hearts. Give us the courage of conviction, strength of will and ardent desire to spread the gospel in India and in all the places where your Gospel has not been made known. Lord we beseech you to inspire young men and women willing to work zealously for the Gospel and to suffer the entailing difficulties with joy and generosity. Lord help all the members of the Church redeemed by the precious body and blood of your beloved son and our Lord Jesus Christ to share in the mission of the Church through prayer and exemplary life of witness. May the prayers of blessed virgin Mary our Mother, Mar Joseph, St Thomas the apostle and our Father in faith, St Alphonsa and all the blessed ones of our Church be with us and help us during this mission year. Lord of all, Father, Son and Holy Spirit, for ever and ever. Amen.

## Message from Father Patrick Ward, Parish Priest, Epsom Church



Dear Father Joy and members of the Syro Malabar Community

I would like to take this opportunity to congratulate you all on the many aspects of good faith and good woks that I see evident among you.

*Your devotion to liturgy and religious education is very impressive*..

Thank You also for the many generous dishes of food that are shared with me upon their arrival in the priest home.

Sincere good wishes for the continual blessings of the Lord in the days ahead.

**Yours in Christ**

**Fr. Patrick Ward**

## God is Watching



The children were lined up in the cafeteria of a Catholic Elementary School for lunch. At the head of the table was a large pile of apples. The nun made a note, and posted on the apple tray:

*Take only ONE. God is Watching!*

Moving further along the lunch line at the other end of the table was a large pile of chocolate chip cookies. A child had written a note:

*Take all you want. God is Watching the apples!*

**Jerry James**

# ഭാരതത്തിന്റെ വിശുദ്ധൻ വി. തോമാശ്ലീഹാ



കർക്കടമാസത്തിലെ സൂര്യനെപ്പോലെ... സ്വർഗ്ഗസന്നിധിയിൽ മിന്നിത്തിളങ്ങുന്ന സുവർണ്ണതാരകം... സെന്റ് തോമസ്. കേരളമണ്ണിൽ ആദ്യമായി വിശ്വാസത്തിന്റെ ദീപശിഖയുമായി കാലുകുത്തിയ വിശുദ്ധൻ. മിശിഹായുടെ തിരുമുറിവുകളിൽ വിരൽതൊട്ട് **"എന്റെ കർത്താവേ... എന്റെ ദൈവമേ... "** എന്ന് ഉറക്കെ വിശ്വാസപ്രഖ്യാപനം നടത്തിയ ഭാരതത്തിന്റെ അപ്പസ്തോലൻ.

**ക്രൈസ്തവചരിത്രമനുസരിച്ച് AD 52-ാം ആണ്ടിലാണ് സെന്റ് തോമസ് ഭാരതമണ്ണിൽ കാലുകുത്തിയത്. കൊടുങ്ങല്ലൂരിലാണ് അദ്ദേഹം കപ്പലിറങ്ങിയതെന്ന് വിശ്വസിക്കപ്പെടുന്നു.** സെന്റ് തോമസ് ആദ്യം പോയത് പാലയൂർ എന്ന സ്ഥലത്തേക്കായിരുന്നുവെന്നും പിന്നീട് വടക്കോട്ട് സഞ്ചരിച്ച് ഇപ്പോഴത്തെ കേരളത്തിലെത്തുകയും 'ഏഴരപ്പള്ളികൾ' സ്ഥാപിക്കുകയും ചെയ്തു എന്നു വിശ്വസിക്കപ്പെടുന്നു. കൊടുങ്ങല്ലൂർ, കൊല്ലം, കോക്കമംഗലം, കോട്ടക്കാവ്, നിരണം, നിലയ്ക്കൽ, പാലയൂർ, തിരുവിതന്താൻകോട് എന്ന അരപ്പള്ളി  ഇതൊക്കെയാണ് തോമാശ്ലീഹാ സ്ഥാപിച്ച പള്ളികൾ. ഹൈന്ദവസംസ്ക്കാരവും. വിശ്വാസവും കൊടികുത്തി വാണിരുന്ന പല സ്ഥലങ്ങളിലും അനേകർ വിശുദ്ധ തോമാശ്ലീഹായിലൂടെ ക്രിസ്തുമതം സ്വീകരിച്ച് അദ്ദേഹത്തിന്റെ പാത പിന്തുടരാൻ തീരുമാനിച്ചത് അന്നത്തെ ഹൈന്ദവപ്രമാണികളെ കോപാകുലരാക്കിത്തീർത്തു. **AD 72-ൽ അദ്ദേഹം ഒരു ബ്രാഹ്മണന്റെ കുന്തം കൊണ്ടുള്ള കുത്തേറ്റ് രക്തസാക്ഷിത്വം വരിച്ചു.** 'മൈലാപ്പൂർ' എന്ന സ്ഥലത്ത് അദ്ദേഹത്തിന്റെ ഭൗതികശരീരം അടക്കം ചെയ്തു. പിന്നീട് ഭൗതികാവശിഷ്ടങ്ങളിൽ ഏറെയും സിറിയയിലേക്കും പിന്നെ ഇറ്റലിയിലേക്കും കൊണ്ടുപോയി എന്ന് ചരിത്രത്തിൽ കാണുന്നു.



ജൂലൈ 3- ലോകമെമ്പാടുമുള്ള ക്രൈസ്തവർ സെന്റ് തോമസ് ദിനമായി ആചരിക്കുന്നു. നൂറ്റാണ്ടുകൾക്കുമുമ്പ് വിശുദ്ധ തോമാശ്ലീഹായുടെ പാദസ്പർശനത്താൽ ധന്യമായി ഈ മലയാളമണ്ണ് ഇന്ന് നിരപരാധികളുടെ ചോരക്കറവീണ് ഓരോ നിമിഷവും അശുദ്ധമായിക്കൊണ്ടിരിക്കുന്നു. "ഒരു ചെകിടത്ത് അടിക്കുന്നവന് മറ്റേചെകിടുകൂടി കാണിച്ചുകൊടുക്കുവാനാണ്" ക്രിസ്തു നമ്മെ പഠിപ്പിച്ചത്. എന്നാൽ ഇന്നത്തെ മനുഷ്യനോ. ചെകിട്ടത്തടിക്കുന്നവന്റെ കൈ പോലും വെട്ടിയെടുക്കാൻ മടിക്കാത്തവരും. ക്രിസ്തുവിനുവേണ്ടിമരിക്കാൻ ഓരോ കാലഘട്ടത്തിലും രക്തസാക്ഷികളുണ്ടായിരുന്നു. ഇന്നും അതു തുടരുന്നു. ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിത്വം വരിക്കാൻ തക്ക വിശ്വാസമുള്ള ക്രിസ്ത്യാനികളായി... തോമാശ്ലീഹായുടെ പിൻഗാമികളായി നമുക്ക് ഓരോരുത്തർക്കും ക്രിസ്തുവിൽ വളരാം.

**"എന്റെ കർത്താവേ... എന്റെ ദൈവമേ..."**

**ടെസ്സി ജോജി നാഗപ്പുഴ**

# Some interesting facts about St Thomas, the Apostle



As Syrian Catholics celebrating Dukhrana on July 3rd, the feast of our Patron Saint St Thomas, there are some interesting facts that we ought to know.

Here are a few to begin with...

- St Thomas was a Jew and one of the twelve apostles of Jesus.
- He was called the Twin( Didymus ).
- He is referred to as 'Doubting Thomas' for his unwillingness to believe in the resurrection of Jesus unless he received proof of the resurrection by seeing the points where the nails had penetrated Jesus' hands and the wounds in His sides where the spear had penetrated.
- His deep faith in Jesus is ingrained in his proclamation of faith "My Lord and my God" (John 20:28).
- He undertook to preach the gospel in Persia and India.
- He came to India in A.D. 52 and landed at Kodungallur on the Malabar coast
- He established seven churches at Kodungallur, Kottakkavu, Palayur, Kollam, Kokkamangalam, Niranam and Chayil.
- He was speared to death by Hindu fanatics in AD 72.
- His body was cremated at Mylapore near Madras and his tomb is venerated until this day.
- He is the Patron Saint of Architects, Builders and India. He was said to have been sent as an architect to build a great palace for Gondoforus, the King of the Indies.
- St Thomas is represented in Christian Art with a builder's square.
- St Thomas Day or Dukhrana is celebrated on July 3rd.

Happy Dukhrana !

Team Rainbow

# Mum



***You are always there when I need you most.... You care for me and clean my wounds.......***

Mum you are always there when I need you most

When dad messes up in the kitchen you step to make things right

You care for me and clean my wounds

You have the warmest heart in the world.

You give me your everlasting love and work day and night

To give me what I need

You are the light of my darkest hour

You are the map when I' m  lost

Mum your ways may be different from mine

But we are bonded together

Mum you are my hero and I love you.

Jenice SK

# My almighty god



Heavenly father please rip me off my sins

and cloth me with your blessings

Send me your guardian angels and protect me from all dangers

Lord give me the strength to face each single day

and guide me through the right path

*AMEN*

Seena Sebastian

# Faith, Hope and Love Abide and the Greatest of these is Love



*"For God so loved the world that he sent his only son, our Lord Jesus Christ, so that we may not perish but have eternal life".*



In his letter to the Corinthians,**(1 Cori 13:13)** St Pauls states that *"faith, hope and love abide and the greatest of these is love*". This important and life changing phrase underlines the fundamental principle of Christianity.

Faith is the belief and trust in something. For Christians around the world, their faith and belief lies in God which came into being through the coming and resurrection of Jesus Christ, God's only son. Faith has the power to bring people of different nations and cultures together and bind them with an irrevocable bond. Christians throughout the world are bonded together by their faith in Lord Jesus Christ, the son of God.

Hope is a positive feeling that a person's desires will be met even in the most unlikeliest of circumstances. During the darkest hours of despair, it is hope that pulls people through and keeps them moving. There are many examples of this in the Bible. Hope was what held the Israelites during their escape to freedom from the slavery in Egypt, it shone through them in their toughest times in the desert and inspired them to keep on moving; rainbow cast by God in the sky after the great floods gave Noah and his family hope to start a new life. *Even though hope and faith are significant they do not match up to the value of love.*

Love is not only an emotion but perhaps one of the key foundations of Christianity. The most important commandments are based on love such as *"Love one another as I have loved you", Love your neighbour as you love yourself", and "Love your God with all your heart, with all your strength and with all your might". The whole of Christian principles are enshrined in these commandments.* If it wasn't for love, Christianity would not have existed either as it was God's unconditional love for his people that prompted God to send his only son, Jesus Christ, to save the world. So says the bible, "*For God so loved the world that he sent his only son, our Lord Jesus Christ, so that we may not perish but have eternal life".*

God himself is love and therefore, without love we would not be able to know God or have eternal life. *This makes love the most important of the three values*. It encompasses and overshadows faith and hope; empowers everything good on Earth and Heaven, thus making it vital. In conclusion, faith binds people, hope carries them forward giving them expectation of something better and love encompasses everything and makes everything possible. These three values in conjunction with each other create a life better lived, life more joyous and fruitful.

*Therefore, as Christians we must strive to lead a life based on these values.*

**Riya Koshy**

# ദൈവം കരുണാമയൻ



എൻ നാവിനാലെന്നും ഞാൻ സ്തുതിക്കും-
ദൈവമേ നീ എത്ര കരുണാമയൻ
എൻ കരങ്ങളാൽ ഞാൻ സ്തുതിക്കും-
ദൈവമേ നീ എന്നും മതിയായവൻ

എൻ ഹൃദയം എന്നും ഒരുക്കീടും ഞാൻ
ദൈവമേ നീ എന്നിൽ വന്നണഞ്ഞീടണമേ
സർവ്വവും സൃഷ്ടിച്ച സൽപിതാവേ-
എൻ ജീവനും നിന്റെ ദാനമല്ലേ

ഭൂമിയും അതിലുള്ള സർവ്വസ്വവും
ആഴിയും അതിലുള്ള സർവ്വങ്ങളും
സർവ്വവും സൃഷ്ടിച്ച സൽപിതാവേ-
ജീവന്റെ ഉറവയും നീയല്ലയോ

സൂര്യചന്ദ്രതാരം വൃന്ദങ്ങളും
വെളിച്ചവും ഇരുട്ടുമെല്ലാം-
സർവ്വവും സൃഷ്ടിച്ച സൽപിതാവേ
സ്തുതികൾക്കു യോഗ്യൻ നീ മാത്രമല്ലോ

മാനവവൃന്ദങ്ങൾ ഒന്നുചേർന്നു-
ദൈവമെ നിന്നെ സ്തുതിച്ചിടട്ടെ
സർവ്വവും സൃഷ്ടിച്ച സൽപിതാവേ
നീ മാത്രം വഴിയും സത്യവുമേവം

ആദത്തിനെപോൽ ഹൗവ്വയെയും
സൃഷ്ടിച്ചു പാലിച്ച തമ്പുരാനെ
സർവ്വവും സൃഷ്ടിച്ച സൽപിതാവേ-
നീ മാത്രം ആദിയും അന്ത്യവും

എൻ നാവിനാലെന്നും ഞാൻ സ്തുതിക്കും
ദൈവമെ നീ എത്ര കരുണാമയൻ.

Vibin Wilson




***“ഞാനാണോ എന്റെ സഹോദരന്റെ കാവൽക്കാരൻ”? “നിന്റെ സഹോദരൻ എവിടെ”? എന്നു ചോദിച്ച ദൈവത്തോട് കായേന്റെ മറുചോദ്യം.***

അയൂയമൂത്ത് സഹോദരനെ അതിക്രൂരമായി കൊലപ്പെടുത്തിയശേഷം യാതൊരു മനചാഞ്ചല്യവുമില്ലാതെ കായേൻ ദൈവത്തോട് ചോദിക്കുന്നു. “ഞാനാണോ എന്റെ സഹോദരന്റെ കാവൽക്കാരൻ” എന്ന്. ഒരുനിമിഷം ദൈവം പോലും പകച്ചുനിന്നിട്ടുണ്ടാകും, നിർവികാരമായ ആ ചോദ്യത്തിനു മുന്നിൽ. ദൈവം എന്ത് മറുപടി പറഞ്ഞുവെന്ന് ബൈബിൾ പറയുന്നില്ല. പക്ഷേ സ്വസഹോദരനെ കൊന്നതിന് ദൈവം കായേന് നൽകിയ ശിക്ഷ അതികഠിനമായിരുന്നു. അതിലൂടെ അർത്ഥശങ്കയ്ക്കിടമില്ലാതെ ദൈവം വ്യക്തമാക്കുന്നു. അതേ, നീ നിന്റെ സഹോദരന്റെ കാവൽക്കാരനായിരിക്കണം. അല്ലെങ്കിൽ നീ ശപിക്കപ്പെടും. നമ്മുടെ പ്രവർത്തികളിലൂടെയും, നമ്മുടെ മനോഭാവത്തിലൂടെയും ഇന്നു നമ്മിൽ പലരും അറിഞ്ഞും അറിയാതെയും ഈ ചോദ്യങ്ങൾ വീണ്ടും ആവർത്തിച്ചു കൊണ്ടേ ിരിക്കുന്നു, ചിലപ്പോൾ ദൈവത്തോടുപോലും - “എന്റെ സഹോദരന്റെ കാവൽക്കാരനാണോ ഞാൻ? എന്റെ അയൽക്കാരന്റെ സംരക്ഷണം എന്റെ ഉത്തരവാദിത്വമാണോ? എന്റെ സമൂഹത്തെ തിരുത്തേണ്ടത് ഞാനാണോ? പരിസ്ഥിതിസംരക്ഷണം എന്റെ കടമയാണോ?”

എനിക്കു തോന്നുന്നു-ദൈവം നമ്മോടു പറയും-തീർച്ചയായും-അതു നിന്റെ കടമയാണ്. നിന്റെ ഉത്തരവാദിത്വമാണ്. നഷ്ടപ്പെട്ടുപോകുന്ന നിന്റെ ഓരോ സഹോദരന്റെ ആത്മാവിനും നീ കണക്കുബോധിപ്പിക്കേണ്ടിവരും. ഭൗതികസുഖങ്ങൾ തേടിയുള്ള അഭംഗുരമായ പ്രയാണത്തിൽ അശരണരും അഗതികളുമായവരെ കണ്ടില്ലെന്നു നടിക്കുമ്പോൾ, ഏതുമാർഗ്ഗത്തിലൂടെയും വിജയം നേടി ഒന്നാമനാകാനുള്ള ത്വരയോടെ കാണേണ്ടവരെ കാണാതെ നാം പാഞ്ഞുപോകുമ്പോൾ, കായേന്റെ ചോദ്യം ആവർത്തിക്കപ്പെടുകയാണ്. “ഞാനാണോ എന്റെ സഹോദരന്റെ കാവൽക്കാരൻ”? പ്രകൃതിവിഭവങ്ങളുടെ ക്രമരഹിതമായ ഉപയോഗത്തിലൂടെ, വരുംതലമുറയെ പാടെ മറന്ന് നമ്മുടെ ചുറ്റുമുള്ള വായുവും ജലവും മറ്റും മലിനമാക്കുമ്പോൾ നാം പറയാതെ പറയുകയാണ് ‘ഞാനല്ല എന്റെ അയൽക്കാരന്റെ, എന്റെ വരുംതലമുറയുടെ കാവൽക്കാരൻ’ എന്ന്. അങ്ങനെ കായേന്റെ പാപത്തിൽ നാം പങ്കുപറ്റുകയാണ്. നമുക്ക് ഓരോരുത്തർക്കും നമ്മുടെ സമൂഹത്തോട്, മനുഷ്യരാശിയോട് മുഴുവൻ തീർച്ചയായും ഒരു കടപ്പാടുണ്ട്. ***സർവ്വശക്തനായ ദൈവത്തിന്റെ മക്കളെന്ന നിലയിൽ നാമെല്ലാവരും സഹോദരങ്ങളാണ്. അങ്ങനെയെങ്കിൽ നാം പരസ്പരം കാവൽക്കാരുമാണ്. അപരന്റെ സംരക്ഷണം നാം ഓരോരുത്തരുടേയും കടമയും ഉത്തരവാദിത്വവുമാണ്.***

എന്നാൽ സഹോദരന്റെ കാവൽക്കാരനാവാനുള്ള മനോഭാവം നമ്മുടെ സമൂഹത്തിൽനിന്ന് അന്യമായി ക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നമുക്കുചുറ്റും നാം കാണുന്നത്. പ്രായംചെന്ന മാതാപിതാക്കളെ വേണ്ടരീതിയിൽ സംരക്ഷിക്കാതെ വൃദ്ധമന്ദിരത്തിലും വഴിവക്കിലുമൊക്കെ തള്ളുന്ന മക്കൾ കായേന്റെ മനോഭാവമാണ് പ്രകടിപ്പിക്കുന്നത് എന്നതിൽ യാതൊരുതർക്കവുമില്ല. നമ്മുടെ സമൂഹത്തിലെ കുട്ടികളും യുവജനങ്ങളും തെറ്റായ വഴികളിലൂടെ നീങ്ങുമ്പോൾ അവരെ വേണ്ട സമയത്ത് വേണ്ടരീതിയിൽ തിരുത്താൻ തയ്യാറാവാത്ത മുതിർന്നവരും കാണിക്കുന്നത് കായേന്റെ മനോഭാവം തന്നെയാണ്. ആകയാൽ, ഇന്നീ നിമിഷം നമുക്കോരോരുത്തർക്കും ഒരു തീരുമാനമെടുക്കാം. ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനായിത്തീരുമെന്ന് എന്റെ സമൂഹത്തോടും ബന്ധുജനങ്ങളോടുമുള്ള ഉത്തരവാദിത്വങ്ങൾ ഞാൻ നിറവേറ്റുമെന്ന്, അങ്ങനെ ഈ ലോകം കൂടുതൽ മനോഹരമാക്കിത്തീർക്കുമെന്ന്, “നിന്റെ സഹോദരൻ എവിടെ”? എന്ന് ദൈവം നമ്മോടു ചോദിക്കാൻ ഇനിയൊരിക്കലും നാം ഇടവരുത്തുകയില്ലെന്ന്.

**റജി ചാക്കോ ആനിത്തോട്ടം**

**ടാലന്റ് ഫെസ്റ്റും ബൈബിൾ ക്വിസും:** *ഓക്‌ലന്റ് സീറോമലബാർ കാത്തലിക് മിഷൻ സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ 1 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കായി ടാലന്റ് ഫെസ്റ്റ് 2012 സംഘടിപ്പിച്ചു.* സബ്ജൂനിയർ, ജൂനിയർ, സീനിയർ എന്നീ 3 വിഭാഗങ്ങളിലായി നൂറ്റി മുപ്പതോളം കുട്ടികൾ പങ്കെടുത്തു. സാഹിത്യരചനാമത്സരങ്ങളും, സ്റ്റേജ് ഇനങ്ങളും, ഗ്രൂപ്പ് മത്സരങ്ങളും നടത്തപ്പെട്ടു. ഏപ്രിൽ 21,22 തീയതികളിൽ എപ്സം കാത്തലിക് പള്ളിയിൽ വച്ചാണ് മത്സരങ്ങൾ നടത്തപ്പെട്ടത്. മത്സരങ്ങളെല്ലാം തന്നെ ഉന്നതനിലവാരം പുലർത്തുന്നവയായിരുന്നെന്ന് വിധികർത്താക്കൾ അഭിപ്രായപ്പെട്ടു. മാതാപിതാക്കളുടെ അഭൂതപൂർവ്വമായ പങ്കാളിത്തവും സഹകരണവുമാണ് ടാലന്റ് ഫെസ്റ്റിന്റെ വൻവിജയത്തിന് വഴിതെളിച്ചതെന്ന് മിഷൻ ചാപ്ലിൻ ഫാ. ജോയി തോട്ടങ്കര അഭിപ്രായപ്പെട്ടു. എല്ലാ മത്സരങ്ങളും നിറഞ്ഞസദസിൻ മുമ്പിലാണ് അവതരിപ്പിക്കപ്പെട്ടത്. മത്സരങ്ങളിൽ യഥാക്രമം സബ്ജൂനിയർ, *ജൂനിയർ, സീനിയർ വിഭാഗം ചാമ്പ്യന്മാരായി അക്ഷിതാ ജോബി, പോൾസ് റജി, ഗ്ലോറി ക്ലമന്റ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. ഷാലി ക്ലമന്റ്, ലിജി ടോമി എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റിയാണ് മത്സരങ്ങൾക്ക് ചുക്കാൻ പിടിച്ചത്.*

വിശുദ്ധയോഹന്നാന്റെ സുവിശേഷത്തെ ആധാരമാക്കിയുള്ള ബൈബിൾ ക്വിസിന്റെ പ്രാഥമികറൗണ്ട് ഏപ്രിൽ 29 ഞായറാഴ്ച നടത്തപ്പെട്ടു. പ്രാഥമികറൗണ്ടിൽ 75% ത്തിനുമേൽ മാർക്കുനേടി വിജയികളായ 16 പേർ ജൂലൈ 8-നു നടക്കുന്ന ഫൈനൽ റൗണ്ടിലേക്ക് യോഗ്യത നേടി. *പോൾസ് റജി (98%), ലിലിയ ബാബു, റയൻ ജോൺസൺ (89%), ഹാരിസ് ടോമി (85%) എന്നിവർ പ്രാഥമികറൗണ്ടിൽ ഉന്നതവിജയം നേടി.*

സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിലുള്ള *"വിശുദ്ധരിലൂടെ വിശുദ്ധിയിലേയ്ക്ക്"* എന്ന പരിപാടിയുടെ ഭാഗമായുള്ള "Bible Character Study"യിൽ ഏപ്രിൽമാസത്തെ വിജയികൾക്കുള്ള സമ്മാനങ്ങൾ ഫാ. ജോയി വിതരണം ചെയ്തു. വിശുദ്ധ പത്രോസിനെക്കുറിച്ചുള്ള രചനയിൽ, സീനിയർ വിഭാഗത്തിൽ വിപിൻ വിൽസൺ, ഗ്ലോറി ക്ലമന്റ്, ആൻ ജോസഫ് എന്നിവരും ജൂനിയർ വിഭാഗത്തിൽ പോൾസ് റജി, ജെനി ജോസഫ് എന്നിവരും സമ്മാനാർഹമായി. വിശ്വാസികളുടെ പിതാവായ അബ്രഹാമിനെക്കുറിച്ചാണ് ഈ പരിപാടിയിൽ കുട്ടികൾ തുടർന്നു പഠിക്കുന്നത്.

**ന്യൂസിലാന്റിൽ കുരുന്നുകൾ ആദ്യാക്ഷരം കുറിച്ചു:** ന്യൂസിലാന്റ് സീറോമലബാർ കാത്തലിക് മിഷൻ ഓക്‌ലന്റ് രൂപത യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പെന്തക്കുസ്താദിനത്തിൽ കൊച്ചുകുഞ്ഞുങ്ങളെ എഴുത്തിനിരുത്തി. *മെയ് 27 ഞായറാഴ്ച വൈകിട്ട് എപ്സം തിരുഹൃദയ മാതാ കാത്തലിക് ദേവാലയത്തിൽവച്ചാണ് പ്രൗഢമനോഹരമായ ചടങ്ങ് നടത്തപ്പെട്ടത്. സീറോ മലങ്കരസഭ മുവാറ്റുപുഴ രൂപതാധ്യക്ഷൻ എബ്രഹാം മാർ യൂലിയോസ് മുഖ്യാതിഥി ആയിരുന്നു.* മിഷൻ ചാപ്ലിൻ ഫാ. ജോയി തോട്ടങ്കര CSsR ന്റെ കാർമ്മികത്വത്തിലുള്ള ആഘോഷമായ പരിശുദ്ധ കുർബാനയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. കുർബാനയ്ക്കുശേഷം ട്രസ്റ്റി ഫ്രാൻസിസ് വടശ്ശേരി ബിഷപ്പിനെ പൂച്ചെണ്ടു നൽകി സ്വീകരിച്ചു. തുടർന്ന് പരിശുദ്ധാത്മാവിനെ സ്വീകരിച്ച്, ആത്മീയ ഉണർവ്വുനേടി, പ്രേക്ഷിത ചൈതന്യത്തിൽ ജ്വലിക്കുവാൻ മാർ എബ്രഹാം വിശ്വാസികളെ ആഹ്വാനം ചെയ്തു. തുടർന്ന് ഗായകസംഘം ഗാനങ്ങൾ ആലപിക്കവേ, ബിഷപ്പ് കൊച്ചുകുട്ടികളെ ഓരോരുത്തരായി തലയിൽ കൈവച്ച് പരിശുദ്ധാത്മാഭിഷേകത്തിനായി പ്രാർത്ഥന നടത്തി. ഫാ. ജോയി കുട്ടികളെ അരിയിൽ യേശുനാമം എഴുതിച്ച് വിദ്യാരംഭം കുറിച്ചു. തുടർച്ചയായ 2-ാം വർഷമാണ് ഓക്‌ലന്റിൽ പൗരാണികമായ ഈ ചടങ്ങ് നടത്തപ്പെടുന്നത്.

**ന്യൂസിലാന്റിൽ മാതൃദിനം ആഘോഷിച്ചു:** ന്യൂസിലാന്റ് സീറോമലബാർ കാത്തലിക് മിഷൻ ഓക്‌ലന്റ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മാതൃദിനം പൂർവ്വാധികം ഭംഗിയായി ആഘോഷിച്ചു. മെയ്13 ഞായറാഴ്ച എപ്സം കാത്തലിക് പള്ളിയിൽ വച്ചാണ് ആഘോഷങ്ങൾ നടത്തപ്പെട്ടത്. സൺഡേസ്കൂൾ കുട്ടികളുടെ നേതൃത്വത്തിലുള്ള പരിശുദ്ധകുർബാന മനോഹരമായ പ്രദക്ഷിണത്തോടെ ആരംഭിച്ചു. തുടർന്ന് *മാതൃദിനാഘോഷത്തോടനുബന്ധിച്ചുള്ള പ്രത്യേക പ്രാർത്ഥനകൾ നടത്തപ്പെട്ടു.* പരിശുദ്ധകുർബാനയിൽ മിഷൻ ചാപ്ലിൻ ഫാ. ജോയി തോട്ടങ്കര CSsR മുഖ്യകാർമ്മികനായിരുന്നു. വയലാറിന്റെ കവിതാശകലം ഉദ്ധരിച്ചുകൊണ്ട് മാതൃദിനത്തിന്റെ മഹനീയത ഫാ. ജോയി ഊന്നിപ്പറഞ്ഞു. കുർബാനയ്ക്കുശേഷം അമ്മമാർക്കുള്ള പ്രത്യേക ആശീർവാദവും കൈവയ്പ് പ്രാർത്ഥനയും നടത്തപ്പെട്ടു. സൺഡേസ്കൂൾ കുട്ടികളുടെ പ്രതിനിധി ഗ്ലോറി ക്ലമന്റ് അമ്മമാരോടുള്ള നന്ദി കവിതാരൂപേണ അവതരിപ്പിച്ചു. തുടർന്ന് മധുരം വിതരണം ചെയ്തു. നൂറോളം അമ്മമാർ ചടങ്ങിൽ പങ്കെടുത്തു.

# Events





*Mother's Day Celebrations conducted by the Parish*



*Bishop Abraham Mar Julius of Muvattupuzha Diocese with Fr Joy and the kids at the "ezhuthiniruthu" ceremony*

## നുറുങ്ങുകഥ



ഒരു കൊച്ചുകുട്ടി അമ്മയോട് ചോദിച്ചു. ''മമ്മീ, മമ്മീ മരിക്കുമ്പോൾ സ്വർഗ്ഗത്തിൽ പോകുമോ''? ഉടനെ അമ്മ മറുപടി പറഞ്ഞു. ''ഞാൻ മരിച്ചാൽ സ്വർഗ്ഗത്തിൽ പോകുമെന്നു കരുതുന്നു.'' അപ്പോൾ ആ കുട്ടി പറഞ്ഞു. ''മമ്മീ സ്വർഗ്ഗത്തിൽ പോയാൽ ഞാനും കൂടി വരാം. അല്ലെങ്കിൽ മമ്മി തനിച്ചാവില്ലേ.'' അപ്പോൾ അമ്മ പറഞ്ഞു. ''അതു സാരമില്ല, സ്വർഗ്ഗത്തിൽ നിന്റെ ഡാഡിയും എന്റെ കൂട്ടിനുണ്ടാവും.'' അല്പസമയം ആലോചിച്ചതിനുശേഷം കുട്ടി ചോദിച്ചു. ''അതെങ്ങനെയാണ് ഡാഡി വരുന്നത് ഡാഡിക്കെന്നും ജോലിക്കുപോകണ്ടേ?'' ജോലി ചെയ്യുന്നതിന്റെ പേരിൽ ഞായറാഴ്ചപോലും പള്ളിയിൽ പോകാതിരിക്കുന്ന വ്യക്തിയായിരുന്നു- ആ കുട്ടിയുടെ പിതാവ്. അങ്ങനെയുള്ളയാൾക്ക് സ്വർഗ്ഗത്തിൽ പോകാൻ എങ്ങനെ സമയമുണ്ടാകുമെന്നാണ് കുട്ടി ചോദിച്ചത്. ഇതൊരു കഥയാണെങ്കിലും ഈ കഥ നൽകുന്ന സന്ദേശം വലുതാണ്. നാം ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരിക്കാൻ വേണ്ടി എന്തു ന്യായീകരണങ്ങൾ കണ്ടുപിടിച്ചാലും അത് ഒരിടത്തും നമ്മെ എത്തിക്കുകയില്ലായെന്നതാണ് യഥാർത്ഥ വസ്തുത.

## നർമ്മകഥ

ഒരിക്കൽ ഒരു വൈദികൻ തന്റെ യാത്രയ്ക്കിടയിൽ അസുഖം പിടിപെട്ട് ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യാനിടയായി. ഒരാഴ്ചത്തെ ചികിത്സകൊണ്ട് അസുഖം ഭേദമായി. Treatment Charge ആയി 7000രൂപ ബില്ല് വന്നു. പക്ഷേ അദ്ദേഹത്തിന്റെ കൈയ്യിൽ 5000രൂപയേ ഉണ്ടായിരുന്നുള്ളൂ. ഉടനെ അദ്ദേഹം Administrative Officeൽ പോയി ഇങ്ങനെ പറഞ്ഞു. ''എന്റെ കൈയ്യിൽ 5000രൂപയേ ഉള്ളൂ ഇപ്പോൾ, ബാക്കി 2000 ഉടനെ തന്നെ തിരിച്ചുവന്നു Pay ചെയ്തുകൊള്ളാം, എന്നെ ഇപ്പോൾ പോകാൻ അനുവദിക്കണം.'' അപ്പോൾ Administrator ഇങ്ങനെ പറഞ്ഞു. ''പണ്ടൊരാൾ ഉടനെ തിരിച്ചുവരുമെന്നു പറഞ്ഞുപോയിട്ട് 2000 വർഷം കഴിഞ്ഞു. ഇതുവരെ യാതൊരു വിവരവുമില്ല. പിന്നെ നിങ്ങൾ തിരിച്ചുവരുമെന്ന് എന്താണുറപ്പ്.''



## മുല്ലപ്പെരിയാർ വിഷയം

മുല്ലപ്പെരിയാർ ഡാം ബലമുള്ളതാണെന്നതിന്റെ Certificate ആണ് കേരളമന്ത്രിമാർ അതിന്റെ തൊട്ടുതാഴെ സത്യാഗ്രഹമിരുന്നത്. ഡാമിന്റെ ബലത്തെപ്പറ്റി എന്തെങ്കിലും സംശയമുണ്ടെങ്കിൽ അവരതിന്റെ താഴെപോയി സത്യാഗ്രഹമിരിക്കുമോ? അതുകൊണ്ട് ഉറപ്പായും പറയാം മുല്ലപ്പെരിയാർ ഡാം ബലപ്പെട്ടതുതന്നെ.

**Jerry James**

# Bible Quiz-I

Rainbow is pleased to introduce a Bible Quiz for Sunday School Students, from this issue onwards, to stimulate, encourage and enhance their knowledge of the Bible. This issue is based on the Gospel of John.

**Kindly read the instructions before attempting**.

- Only Sunday School Children will be eligible to participate
- Answers should be sent to rainbowsmcm@gmail.com on or before 15 July.
- All answers should be based on the Catholic Edition of the Bible.
- Prizes will be given to the first three winners. If there are more than three winners, a lucky draw will be conducted to decide the winners.

**Questions**

1. How many verses are there in John’s gospel?

2. What is the symbol of John’s gospel?

3. Write the names of an apostle mentioned in John’s gospel, which is not mentioned in other gospels.

4. How many parables are there in John’s gospel?

5. When did John write the gospel?

6. John’s gospel is also known by two other names. What are they?

7. Is the name of the blind beggar whom Jesus healed, mentioned in John’s gospel?

8. What are the 7 famous “I am…..” statements in John’s gospel, told by Jesus? (It is written in many Cathedrals in New Zealand)

9. According to John’s Gospel, how many questions did Pilate ask Jesus? What are they?

10. Which are the 4 parts of John’s Gospel?

***Good Luck to all the participants.***

***TEAM RAINBOW***

# Upcoming Events



**RETREAT BY REV FR. GEORGE PANACKAL V.C**

**Date: 4th & 5th October 2012 (Thursday & Friday).**
**Time: 4.00-9.00pm,**

**Venue: Our Lady of the Sacred Heart Parish, 19 Banff Ave, Epsom.**



**ROSARY AND MASS BY SUNDAY SCHOOL CHILDREN**

**Date: 1st Sept 2012, Venue: St Mary's Parish, Avondale**

**KONTHANAMASKARAM: 11th –20th October 2012.**

**Venue: Our Lady of the Sacred Heart Parish, 19 Banff Ave, Epsom.**



**FEAST CELEBRATIONS OF THE PARISH:**

**Date: 21st October 2012.**

**Main Celebrant & Chief Guest of the day:**

**Most Reverend Patrick Dunn DD, Bishop of Auckland Diocese.**

*Rainbow: Express, Exchange and be Informed of a Christian Way of Life !*



***Send your articles to rainbowsmcm@gmail.com***

**The Vision of the SM Mission**

***"We, the Syro-Malabar Catholic Mission New Zealand, take every step to live our Christian Vocation as handed over to us through St. Thomas, the Apostle of Jesus Christ, with its own particular characteristics expressed in worship, spirituality, theology and disciplinary laws, to unite all the Syro-Malabar faithful in New Zealand under the hierarchical order of the Syro-Malabar Community and handover the same faith and tradition to our children"***

**Printed and published by Syro Malabar Catholic Mission Auckland, Our lady of the Sacred Heart Parish, 19 Banff Ave, Epsom, Auckland. www.asmcm.org Tel: 6303956 Email: smchaplainnz@gmail.com, Mobile: 0226977207. Pvt Circulation**